കൂടാതെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിലേക്കായി 2014-15 സാമ്പത്തികവർഷം അനുവദിച്ച 10 കോടിരൂപ പദ്ധതിയുടെ നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ റ്റി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന പ്രകാരം പദ്ധതിക്കായി 40 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ലോകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കനാൽ ടൂറിസം

266 (T*2546) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച താനൂർ കേന്ദ്രമാക്കിയുള്ള കനോലി കനാൽ ടൂറിസം സർക്യൂട്ട് എന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) താനൂർ കേന്ദ്രമാക്കിയുള്ള കനോലി കനാൽ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

കേരളത്തിലെ വിനോദസഞ്ചാരികൾ

267 (2547) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

*. T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	വിദേശ വിനോദ സഞ്ചാരികൾ	ആഭ്യന്തര വിനോദ സഞ്ചാരികൾ	ആകെ
2011	7,32,985	93,81,455	1,01,14,440
2012	7,93,696	1,00,76,854	1,08,70,550
2013	8,58,143	1,08,57,811	1,17,15,954
2014	9,23,366	1,16,95,411	1,26,18,777
2015 ഒക്ടോബർ വരെ (പ്രൊവിഷണൽ)	7,75,390	99,53,137	1,07,28,527

കെ.റ്റി.ഡി.സി.-യിലെ അസിസ്റ്റന്റ് കുക്കുകൾ

268 (2548) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഡി) പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ 24 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly